With Best Compliments
from

JUPITER ADMINISTRATIVE AND SECURITY SERVICES (P) LTD.

CORPORATE OFFICE :

B- 112, LAJPAT NAGAR-I, NEW DELHI- 110024
Ph : 011-29819593, 29814998

BRANCH OFFICE :

CHAUHAN MARKET, CHALERA
SECTOR-44, NOIDA
PH: 0120-2501237

A PROFESSIONALLY MANAGED ISO 9001-2000 CERTIFIED
COMPANY TO UNDERTAKE ALL TYPES OF
SECURITY COMMITMENTS

FORMATION OF MALAYALEE ASSOCIATION - NEWS

സംഘടനാ വാർത്തകൾ

ഡി.എം.എ. സുവർണജൂബിലി

ഡൽഹി മലയാളി അസോസിയേഷന്റെ സുവർണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഡി.എം.എ.യുടെ അംബേദ്കർ നഗർ-പുഷ്പ വിഹാർ ശാഖ ഡൽഹി മലയാളികൾക്കായി ഒരു ഇൻഡോർ ഗെയിംസ് മത്സരം സംഘടിപ്പിച്ചു. ജൂലൈ 18,25 എന്നീ തീയതികളിൽ നടന്ന മത്സരത്തിൽ താഴെപ്പറയുന്നവർ വിജയികളായതായി ശാഖയുടെ സെക്രട്ടറി കെ.വി.എസ്.പിള്ള ഒരു പത്രക്കുറിപ്പിൽ അറിയിച്ചു.

ചെസ് ജൂനിയേഴ്സിൽ വികാസ്പുരിയിലെ ശ്രീകാന്തും കാൽക്കാജിയിലെ ജിനൂപ് കൃഷ്ണനും യഥാക്രമം ഒന്നും രണ്ടും സമാനങ്ങൾ നേടി. കാരംസ് ജൂനിയേഴ്സിൽ ഒന്നും രണ്ടും സമാനങ്ങൾക്ക് അർഹരായത് കാൽക്കാജിയിലെ ജിനാബി കൃഷ്ണനും ജിനൂപ് കൃഷ്ണനുമായിരുന്നു. കാരംസ് സീനിയേഴ്സിൽ ലാജ്പത് നഗറിലെ കെ. മോഹനനും പുഷ്പ വിഹാറിലെ എം. കെ. സുനിലും ഒന്നും രണ്ടും സമാനങ്ങൾ നേടി. ചീട്ടുകളിയിൽ (ഇരുപത്തെട്ട്) വിജയികളായത് ലാജ്പത് നഗറിലെ ബി. വിജയകുമാറും കൂട്ടരും (ഒന്നാം സമാനം) കാൽക്കാജിയിലെ എൻ.ആർ.എസ്. മേനോനും കൂട്ടരുമായിരുന്നു. ചീട്ടുകളി അൻപത്താറിൽ വിജയം നേടിയത് കിർവായ് നഗറിലെ വിക്ടറും കൂട്ടരും (ഒന്നാം സമാനം) കിർവായ് നഗറിലെ തന്നെ ആർ.ജി. കുറ്റ്യും കൂട്ടരുമായിരുന്നു (രണ്ടാം സമാനം).

ഫ്രണ്ട്സ് ഓഫ് കേരളയുടെ പുതിയ ഭാരവാഹികൾ

ഗാസിയാബാദിലെ ബ്രിജ് വിഹാർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ഓഫ് കേരളയുടെ പൊതുയോഗം ഇയിടെ കൂടി താഴെപ്പറയുന്നവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

പ്രസിഡന്റ് കെ.കെ. നിനാൻ, വൈസ് പ്രസിഡന്റ്-വി.പി. വേണുഗോപാൽ, സെക്രട്ടറി-വിജയകുമാർ, ജോയിന്റ് സെക്രട്ടറി അരവിന്ദ് ശങ്കർ, ട്രഷറർ-പി.ജി.ആർ. പിള്ള, സ്പോർട്സ് കൺവീനർ-ആർ. രാധാകൃഷ്ണൻ, ലൈബ്രേറിയൻ-ബിനുഗോപാൽ, കമ്മിറ്റി അംഗങ്ങൾ-പി. രാജൻ, രാജൻ ഉണ്ണിത്താൻ, പ്രേംകുമാർ, പി.പി. നസീയാർ, ആർ.എൻ. പിള്ള, പി.കെ. വർഗീസ്, ജോബ് ജോസഫ്, വി.എസ്. സുനിൽ, സുബു നായർ, മനോജ് കെ. നാരായണൻ, മോഹനൻ കെ, ഇന്റേണൽ ഓഡിറ്റർ-കെ.എൻ.കെ. കുട്ടി.

പതിവുപോലെ സംഘടന ഈ വർഷവും സ്വാതന്ത്ര്യദിനവും ഓണവും ആഘോഷിച്ചു. ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി കായിക മത്സരവും സെപ്റ്റംബർ 5-ന് ഓണസദ്യയും സംഘടിപ്പിച്ചു. ഒക്ടോബറിൽ വെളിബോൾ ടൂർണമെന്റ് നടക്കും. താൽപര്യമുള്ളവർ സെപ്റ്റംബർ 15-നകം പേര് രജിസ്റ്റർ ചെയ്യണമെന്ന് സെക്രട്ടറി അറിയിച്ചു.

ഇന്ദിരാപുരം മലയാളി അസോസിയേഷൻ രൂപീകരിച്ചു

ഇന്ദിരാ പുരത്തെ മലയാളികളുടെ സാമൂഹിക, സാംസ്കാരിക ഉയർച്ചയ്ക്കുവേണ്ടിയും മലയാളി സഹോദര-സഹോദരിമാരുടെ പൊതുവായ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുവാനായി ഇന്ദിരാപുരം മലയാളി അസ്സോസിയേഷൻ എന്നൊരു സംഘടന രൂപം കൊണ്ട് താഴെപ്പറയുന്നവർ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടു.

സെബുകുട്ടി പീറ്റേഴ്സ്

മഹാദേവ

പ്രസിഡന്റ് സെമ്മൽ പീറ്റേഴ്സ്, ജനറൽ സെക്രട്ടറി കെ.റ്റി. മഹാദേവൻ ഫൈനാൻസ് സെക്രട്ടറി പത്മനാഭൻ. സംഘടനയുടെ ആദ്യ സംരംഭമായി സെപ്റ്റ. 19-ാം തീയതി ഒരു ഓണസദ്യ ഒരുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2-ന് ഒരു സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുമെന്നും തീരുമാനിച്ചിട്ടുണ്ട്.

മലയാളനാട് വാർത്തകൾ

മലയാളനാടിന്റെ ആമിമുഖ്യത്തിൽ കരാട്ടേ ക്ലാസ്സ് സെപ്റ്റംബർ ആദ്യവാരത്തിൽ ആരംഭിയ്ക്കുന്നതായി സെക്രട്ടറി അറിയിച്ചു.

ആധുനിക സൗകര്യങ്ങളുള്ള മീനാക്ഷി ആശുപത്രിയിൽ മലയാള നാടിന്റെ അംഗങ്ങൾക്ക് ചികിത്സയിൽ 20% കിഴിവ് ലഭിയ്ക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ മലയാളനാടിന്റെ കമ്മിറ്റി അംഗങ്ങളിൽ നിന്നും ലഭിക്കും.

മലയാള നാടിന്റെ ഓഫീസ് 5/5 കൽപ്പന ഫ്ളാറ്റിലേക്ക് മാറ്റിയതായും സെക്രട്ടറി അറിയിച്ചു.

രക്ത ദാന ക്യാമ്പ്, സൗജന്യ മെഡിക്കൽ ക്യാമ്പ്, മലയാളം ക്ലാസ്സ്, ശാസ്ത്രീയ സംഗീത ക്ലാസ്സ് തുടങ്ങിയവ മലയാള നാടിന്റെ ഭാവി പ്രവർത്തനങ്ങളിൽ ഉൾപ്പെടുമെന്ന് സെക്രട്ടറി പത്രക്കുറിപ്പിൽ അറിയിച്ചു.

പ്രതിനിധികളെ ആവശ്യമുണ്ട്

ഡൽഹി, ഹരിദ്വാർ, ഗുഡ്ഗാവ്, ഗാസിയാബാദ്, നോയിഡ എന്നിവിടങ്ങളിൽ കേരളീയത്തിന് ആകർഷകമായ കമ്മീഷൻ വ്യവസ്ഥയിൽ പ്രതിനിധികളെ ആവശ്യമുണ്ട്. താത്പര്യമുള്ളവർ ബന്ധപ്പെടുക :

For Business Enquiries
Business Manager
Keraleeyam
6-II/632, Sector-2, Rohini,
Delhi-85
Tel. : 7172835

42 കേരളീയം ■ സെപ്റ്റംബർ 1999